19/12/11 - FN.

# പൊതുവിദ്യാഭ്യാസവകുപ്പ് കേരളം
## തൃശ്ശൂർ ജില്ല
### അർദ്ധവാർഷിക പരീക്ഷ 2011-12

വിഷയം :സോഷ്യൽ സയൻസ്
ക്ളാസ്സ് :10

സമയം 21/2 മണിക്കൂർ
സ്കോർ : 80

1. എന്താണ് 'മൈക്രോഫിനാൻസ്'?

സ്കോർ : 1

2. ചുവടെ നൽകിയിട്ടുള്ള സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണിനം കണ്ടെത്തി ഓരോന്നിനും നേരെ എഴുതുക.

a. ജമ്മു-കാശ്മീർ b. മഹാരാഷ്ട്ര

c. രാജസ്ഥാൻ d. ബീഹാർ

സ്കോർ : 2

3. രണ്ടാംലോകയുദ്ധവുമായി ബന്ധപ്പെട്ട 'കപട യുദ്ധം' എന്താണ്? ഇത് യുദ്ധത്തിന്റെ ഗതിയെ എങ്ങനെ സ്വാധീനിച്ചു?

2 സ്കോർ

4. കുന്നിൻ പ്രദേശങ്ങൾ പൊതുവേ ജനസംഖ്യ കുറവുള്ള പ്രദേശങ്ങളാണ്. എന്നാൽ ഊട്ടി, സിംല എന്നിവടങ്ങളിൽ ജനസംഖ്യ കൂടുതലാണ്. എന്താണിതിന്റെ കാരണം? വിശദമാക്കുക?

സ്കോർ : 2

5. ജനാധിപത്യഭരണ സംവിധാനത്തിൽ രാഷ്ട്രീയ പാർട്ടികൾ നിർവ്വഹിക്കേണ്ട ഏതെങ്കിലും രണ്ട് ചുമതലകളെഴുതുക?

2 സ്കോർ

6. നിർബന്ധിത കുടിയേറ്റവും ആകർഷിത കുടിയേറ്റവും വ്യത്യസ്ത കാരണങ്ങളാൽ സൃഷ്ടിക്കപ്പെടുന്നു. ഓരോ ഉദാഹരണം വീതം നൽകി ഈ പ്രസ്താവന സമർത്ഥിക്കുക?

സ്കോർ : 2

7. ജനാധിപത്യത്തിന്റെ വകഭേദങ്ങളായ പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും താരതമ്യം ചെയ്ത് രണ്ട് വ്യത്യാസങ്ങൾ എഴുതുക?

2 സ്കോർ

8. നവോത്ഥാനകാലഘട്ടത്തിലുണ്ടായ ശാസ്ത്രപുരോഗതിക്ക് നേതൃത്വം നൽകിയ പ്രശസ്തരായ മൂന്ന് ശാസ്ത്രജ്ഞന്മാരെയും അവരുടെ സംഭാവനകളെക്കുറിച്ചും ലഘു കുറിപ്പ് തയാറാക്കുക?

3 സ്കോർ

9. ഉത്തരപർവ്വത മേഖലയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ടിൽ a, b, c, d, e, f എന്നിവ കണ്ടെത്തി എഴുതുക.




സ്കോർ : 3

10. നെല്ലും ഗോതമ്പും ഇന്ത്യയിലെ രണ്ട് പ്രധാന ഭക്ഷ്യവിളകളാണ്. ഇവയുടെ കൃഷിയ്ക്ക് അനുയോജ്യമായ ഭൂമിശാസ്ത്രഘടകങ്ങൾ എഴുതുക.

സ്കോർ : 3

11 അണുബോംബ് പ്രയോഗിക്കാതെ തന്നെ ജപ്പാനെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്ക് കഴിയുമായിരുന്നോ? വിലയിരുത്തുക.

3 സ്കോർ

12. അച്ചുതണ്ടു ശക്തികളിൽ ഉൾപ്പെട്ട രാജ്യങ്ങൾ ഏതെല്ലാം? അവർക്കെതിരായി രൂപം കൊണ്ട സഖ്യമേത്? സഖ്യത്തിലുൾപ്പെട്ട രാജ്യങ്ങൾ ഏതെല്ലാം?

3 സ്കോർ

13. ജനസംഖ്യാവിശകലനം ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് അത്യാവശ്യമാണ്. ജനസംഖ്യാവിശകലനത്തിന്റെ ആവശ്യകത വ്യക്തമാക്കുക.

സ്കോർ : 3

14. ഏതു ബാങ്കിനെയാണ് 'ബാങ്കുകളുടെ ബാങ്ക്' എന്നു വിശേഷിപ്പിക്കുന്നത്? എന്തുകൊണ്ട്?

സ്കോർ : 3

15. ചില രാജ്യങ്ങൾ, ബന്ധപ്പെട്ട വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവയാണ് എ, ബി, സി കോളങ്ങളിൽ ഉള്ളത്. എ കോളത്തിനോടു ചേരുന്നവ ബി, സി കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷെവിക്ക് |
| ജർമ്മനി | മുസോലിനി | ബ്രൗൺഷർട്ട്സ് |
| റഷ്യ | ഹിറ്റ്ലർ | ബ്ലാക്ക്ഷർട്ട്സ് |
| സ്പെയിൻ | ലെനിൻ | ഫലാൻജിസം |

**4 സ്കോർ**

16. റഷ്യൻ വിപ്ലവത്തിനുശേഷം അവിടെ നടപ്പിലാക്കിയ യുദ്ധകാല കമ്മ്യൂണിസത്തിൽ നിന്നും 'പുത്തൻ സാമ്പത്തികനയം' എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**4 സ്കോർ**

17. ഇന്ത്യയിൽ തനത് സംസ്കാരം രൂപപ്പെടുന്നതിന് ഉത്തരമഹാസമതലം വഹിച്ച പങ്ക് വിശകലനം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4

18.




a. ഭൂപടത്തിൽ a, b, c, d എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏത് ഭൂപ്രകൃതി വിഭാഗങ്ങളാണെന്ന് എഴുതുക?

b. ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷത വീതം എഴുതുക.

സ്കോർ : 4

19. ദേശീയോദ്ഗ്രഥനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക? അവ എങ്ങനെ തടസ്സമാകുന്നു എന്ന് സമർഥിക്കുക?

5 സ്കോർ

20. രണ്ടാം ലോകയുദ്ധവുമായി ബന്ധപ്പെടുത്തി തന്നിരിക്കുന്ന സംഭവങ്ങളെ നടന്ന ക്രമമനുസരിച്ച് ചിട്ടപ്പെടുത്തുക.

<u>സംഭവങ്ങൾ</u>

- നാസി സോവ്യറ്റ് അനാക്രമണ സന്ധി
- ജപ്പാന്റെ പേൾഹാർബർ ആക്രമണം
- മ്യൂണിച്ച് ഉടമ്പടി
- മുസലീനിയുടെ അബിസീനിയാ ആക്രമണം

4 സ്കോർ

21. ഇന്ത്യയിലെ 'ഇരുമ്പുരുക്ക് ശാലകളുടെ സ്ഥാനീയ ഘടകങ്ങൾ അവയുടെ വളർച്ചയ്ക്ക് സഹായകരമാണ്.' ബൊക്കാറോയുടെ വളർച്ചയും വികസനവും ആസ്പദമാക്കി ഈ പ്രസ്താവന സമർത്ഥിക്കുക.

സ്കോർ : 5

22. മൊറോക്കൻ പ്രതിസന്ധിക്കു കാരണമെന്തായിരുന്നു? ഈ പ്രതിസന്ധി പരിഹരിച്ചതെങ്ങനെ?

**4 സ്കോർ**

23. കൃഷിയധിഷ്ഠിത വ്യവസായങ്ങൾ പ്രധാനമായും ഉത്തരമഹാസമതലത്തിലും ധാതു അധിഷ്ഠിത വ്യവസായങ്ങൾ ഉപദ്വീപീയ പീഠഭൂമി പ്രദേശങ്ങളിലും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. അതിനുള്ള കാരണങ്ങൾ എഴുതുക.

സ്കോർ : 4

24.

| വർഷം | ജനസംഖ്യ (കോടി) | ദശാബ്ദ വളർച്ച (%) | ജനസാന്ദ്രത | നഗരവാസി ജനങ്ങൾ (%) |
|---|---|---|---|---|
| 1901 | 23.8 | | 77 | 10.84 |
| 1911 | 25.2 | 5.75 | 82 | 10.92 |
| 1921 | 25.1 | -0.31 | 81 | 11.2 |
| 1931 | 27.9 | 11.0 | 90 | 11.99 |
| 1941 | 31.8 | 14.2 | 103 | 13.86 |
| 1951 | 36.1 | 13.3 | 117 | 17.3 |
| 1961 | 43.9 | 21.6 | 142 | 17.97 |
| 1971 | 54.8 | 24.8 | 177 | 19.91 |
| 1981 | 68.6 | 24.7 | 216 | 23.34 |
| 1991 | 84.3 | 23.8 | 267 | 25.71 |
| 2001 | 102.7 | 21.3 | 324 | 27.78 |

രാജ്യത്തെ ജനസംഖ്യാ വളർച്ചയും ജനസാന്ദ്രതയും നഗരവാസികളുടെ ശതമാനവും സൂചിപ്പിക്കുന്ന പട്ടിക വിശകലനം ചെയ്ത് പൊതു നിഗമനങ്ങൾ കുറിയ്ക്കുക?

സ്കോർ : 4

25. ആധുനിക ശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരന്മാരെ എ കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി.സി.സി കോളങ്ങളിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| -മാക്സ് പ്ലാങ്ക് | പരിണാമസിദ്ധാന്തം | അണുബോംബ് |
| ചാൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻപുരോഹിതൻ |
| ഏണസ്റ്റ് റതർഫോർഡ് | ജനിതകശാസ്ത്രം | ഭൗതികശാസ്ത്രം |
| റവ.ഗ്രിഗോർ മെൻഡൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ്പ്രകൃതി ശാസ്ത്രജ്ഞൻ |

**4 സ്കോർ**